നം. സി.ഇ.ഇ/2062/2008/കെ.ഇ.എ.എം_09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

# 2009 ലെ ആർക്കിടെക്ച്ചർ ബിരുദ കോഴ്സിലേയ്ക്കുള്ള പ്രവേശനം

2009 വർഷത്തിലെ ആർക്കിടെക്ച്ചർ ബിരുദ കോഴ്സിന് പ്രവേശനം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയിലും **NATA** (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ) യിലും നേടിയ മാർക്കിന്റെ വിവരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് **www.cee-kerala.org** ൽ ലഭ്യമാക്കിയിട്ടുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി **12.06.2009** നോ അതിനു മുമ്പോ നിർബന്ധമായും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. യോഗ്യതാ പരീക്ഷയുടേയും **NATA** പരീക്ഷയുടേയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പുകളും പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ആർക്കിടെക്ച്ചർ ബിരുദ കോഴ്സിനു മാത്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ റോൾ നമ്പരുകൾ ഈ ഓഫീസിൽ നിന്നും അയച്ചിട്ടുണ്ട്.

ഈ ഓഫീസിലേക്ക് അയയ്ക്കുന്ന കത്തുകളിലെല്ലാംതന്നെ അപേക്ഷകന്റെ റോൾ നമ്പർ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.

തിരുവനന്തപുരം
25.05.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**